സൂറ-17

# അൽ ഇസ്റാഅ്

وَمِنَ ٱلَّيۡلِ فَتَهَجَّدۡ بِهِۦ نَافِلَةً لَّكَ عَسَىٰٓ أَن يَبۡعَثَكَ رَبُّكَ مَقَامًا مَّحۡمُودًا ﴿٧٩﴾

79. രാവുകാലത്തും ഖുർആൻ ഓതി തഹജ്ജുദ് നമസ്കരിക്കുക. നിനക്ക് കൂടുതലായിട്ടുള്ള പുണ്യകർമമാണത്. നിന്റെ നാഥൻ നിന്നെ ഉന്നതസ്ഥാനത്തേക്കുയർത്താറായിരിക്കുന്നു.

وَقُل رَّبِّ أَدۡخِلۡنِي مُدۡخَلَ صِدۡقٖ وَأَخۡرِجۡنِي مُخۡرَجَ صِدۡقٖ وَٱجۡعَل لِّي مِن
لَّدُنكَ سُلۡطَٰنٗا نَّصِيرٗا ﴿٨٠﴾

80. പ്രവാചകൻ പ്രാർഥിച്ചുകൊള്ളുക: നാഥാ, എന്നെ എവിടെ പ്രവേശിപ്പിച്ചാലും മാന്യമായി പ്രവേശിപ്പിക്കേണമേ! എവിടെ നിന്നു പുറപ്പെടുവിച്ചാലും മാന്യമായി പുറപ്പെടുവിക്കേണമേ! നിന്നിൽ നിന്നുള്ള ഒരധികാര ശക്തി എനിക്കു തുണയാക്കിത്തരികയും ചെയ്യേണമേ!

وَقُلۡ جَآءَ ٱلۡحَقُّ وَزَهَقَ ٱلۡبَٰطِلُۚ إِنَّ ٱلۡبَٰطِلَ كَانَ زَهُوقٗا ﴿٨١﴾

81. നീ പ്രഖ്യാപിക്കുക: സത്യം സമാഗതമായിരിക്കുന്നു. മിഥ്യ തകർന്നുപോയി. തീർച്ചയായും മിഥ്യ തകരേണ്ടതു തന്നെയാകുന്നു.

وَنُنَزِّلُ مِنَ ٱلۡقُرۡءَانِ مَا هُوَ شِفَآءٞ وَرَحۡمَةٞ لِّلۡمُؤۡمِنِينَ وَلَا يَزِيدُ ٱلظَّٰلِمِينَ
إِلَّا خَسَارٗا ﴿٨٢﴾

82. നാം ഖുർആൻ ആയി അവതരിപ്പിച്ചുകൊണ്ടിരിക്കുന്നത് സത്യ-ധർമങ്ങളിൽ വിശ്വാസമർപ്പിച്ചവർക്ക് ആശ്വാസവും അനുഗ്രഹവുമായിട്ടുള്ളതാകുന്നു. പക്ഷേ, ധർമധിക്കാരികൾക്ക് അത് നഷ്ടം മാത്രമേ വളർത്തുന്നുള്ളൂ.

وَمِنَ ٱلَّيۡلِ = രാത്രിയിൽ നിന്നു (രാവു കാലത്തും)
فَتَهَجَّدۡ بِهِۦ = അതിൽ നീ ആരാധനയിലേർപ്പെടുക(തഹജ്ജുദ് നമസ്കരിക്കുക)
نَافِلَةً لَّكَ = (അത്) നിനക്ക് അധികമായത്(യിട്ടുള്ള പുണ്യകർമമാകുന്നു)
عَسَىٰٓ أَن يَبۡعَثَكَ رَبُّكَ = നിന്റെ നാഥൻ നിന്നെ നിയോഗിക്കാ(ഉയർത്താ)റായിരിക്കുന്നു مَقَامًا = ഒരു സ്ഥാനത്തേക്ക്
مَّحۡمُودًا = സ്തുതിക്കപ്പെടുന്ന(ഉന്നതമായ) وَقُل = നീ പറയുക (പ്രവാചകൻ പ്രാർഥിച്ചു കൊള്ളുക)
رَّبِّ أَدۡخِلۡنِي = എന്റെ നാഥാ നീ എന്നെ (എവിടെ പ്രവേശിപ്പിച്ചാലും) പ്രവേശിപ്പിക്കേണമേ
مُدۡخَلَ صِدۡقٖ = സത്യത്തിന്റെ (മാന്യമായ) പ്രവേശന സ്ഥലത്ത്
وَأَخۡرِجۡنِي = നീ എന്നെ (എവിടെ നിന്നു പുറപ്പെടുവിച്ചാലും) പുറപ്പെടുവിക്കേണമേ
مُخۡرَجَ صِدۡقٖ = സത്യത്തിന്റെ പുറപ്പാടു സ്ഥലത്തെ (മാന്യമായി) وَٱجۡعَل لِّي = നീ എനിക്ക് ആക്കിത്തരേണമേ
مِن لَّدُنكَ = നിന്റെ പക്കൽ നിന്ന് سُلۡطَٰنٗا = ഒരു അധികാര ശക്തി, സ്വാധീനം نَّصِيرٗا = സഹായി, തുണയായിട്ട്
وَقُلۡ = നീ പറയുക(പ്രഖ്യാപിക്കുക) جَآءَ ٱلۡحَقُّ = സത്യം സമാഗതമായി وَزَهَقَ = നശിച്ചു, തകർന്നുപോയി
ٱلۡبَٰطِلُۚ = മിഥ്യ, അസത്യം إِنَّ ٱلۡبَٰطِلَ = തീർച്ചയായും മിഥ്യ
كَانَ زَهُوقٗا = തകരുന്നതായിരിക്കുന്നു (തകരേണ്ടതു തന്നെയാകുന്നു)

| | |
|---|---|
| وَنُنَزِّلُ = നാം അപ്പപ്പോൾ ഇറക്കുന്നു (അവതരിപ്പിച്ചുകൊണ്ടിരിക്കുന്നത്) | |
| مِنَ الْقُرْءَانِ = ഖുർആനിൽ നിന്ന്, ഖുർആൻ ആയിട്ട് | |
| مَا هُوَ = യാതൊന്നാണോ അത് شِفَآءٌ = ശമനം (ആശ്വാസവും) وَرَحْمَةٌ = അനുഗ്രഹവും ആകുന്നു | |
| لِّلْمُؤْمِنِينَ = വിശ്വാസികൾക്ക് (സത്യ-ധർമങ്ങളിൽ വിശ്വാസമർപ്പിച്ചവർക്ക്) | |
| وَلَا يَزِيدُ = വർധിപ്പിക്കുന്നില്ല (വളർത്തുന്നുള്ളൂ) الظَّـٰلِمِينَ = (ധർമ)ധിക്കാരികളെ(കൾക്ക്) | |
| إِلَّا خَسَارًا = നഷ്ടം (മാത്രമേ) അല്ലാതെ | |

**79.** تَهَجُّد ൽ നിന്നുള്ള ശാസന ക്രിയയാണ് تَهَجَّدْ. രാത്രി കാലത്ത് ആരാധനയിലേർപ്പെടുകയാണ് ഭാഷാർഥത്തിൽ തഹജ്ജുദ്. ഇസ്‌ലാമിന്റെ സാങ്കേതിക ഭാഷയിൽ, രാത്രി കുറെനേരം ഉറങ്ങിയശേഷം എഴുന്നേറ്റ് നമസ്കാരത്തിലേർപ്പെടുകയാണത്. യഥാർഥത്തിൽ വേണ്ടതിനേക്കാൾ അധികമായതാണ് نَافِلَةً. നല്ലതു കൂടുതലാകുന്നതിനേ ഈ പദം ഉപയോഗിക്കാറുള്ളൂ. ഐഛികമായത്, സുന്നത്തായത് തുടങ്ങിയ അർഥങ്ങളിൽ نفل എന്നു പറയും. ആദ്യം പറഞ്ഞ പഞ്ചനമസ്കാരം എല്ലാവർക്കും നിർബന്ധമായിട്ടുള്ളതാണ്. അതിനു പുറമെ പ്രവാചകന് കൂടുതലായി തഹജ്ജുദ് നമസ്കാരവും നിർബന്ധമാക്കിയിരുന്നു. മറ്റു നമസ്കാരങ്ങൾ കൽപിക്കുന്നതിനുമുമ്പേ തിരുമേനിക്ക് തഹജ്ജുദ് കൽപിക്കപ്പെട്ടിരുന്നു. ആദ്യകാലത്തവതരിച്ച സൂറഃകളിലൊന്നായ *അൽമുസമ്മിലി*ലെ ആദ്യ നാലു സൂക്തങ്ങൾ ഇങ്ങനെയാണ്:

يَـٰٓأَيُّهَا ٱلْمُزَّمِّلُ ﴿١﴾ قُمِ ٱلَّيْلَ إِلَّا قَلِيلًا ﴿٢﴾ نِّصْفَهُۥٓ أَوِ ٱنقُصْ مِنْهُ قَلِيلًا ﴿٣﴾ أَوْ زِدْ عَلَيْهِ وَرَتِّلِ ٱلْقُرْءَانَ تَرْتِيلًا ﴿٤﴾

(അല്ലയോ മൂടിപ്പുതച്ചുറങ്ങുന്നവനേ, രാത്രി എഴുന്നേറ്റു നമസ്കരിക്കുക. അൽപമൊഴിച്ച്. പകുതി രാവ്, അല്ലെങ്കിൽ അതിൽ അൽപം കൂടുകയോ കുറക്കുകയോ ചെയ്തുകൊള്ളുക. ഖുർആൻ സാവകാശം നിർത്തിനിർത്തി ഓതുക -73:1-4). പ്രവാചകൻ(സ) മാത്രമല്ല ശിഷ്യന്മാരും തഹജ്ജുദ് നമസ്കരിച്ചിരുന്നതായി ഖുർആൻ സൂചിപ്പിക്കുന്നുണ്ട്:

۞ إِنَّ رَبَّكَ يَعْلَمُ أَنَّكَ تَقُومُ أَدْنَىٰ مِن ثُلُثَيِ ٱلَّيْلِ وَنِصْفَهُۥ وَثُلُثَهُۥ وَطَآئِفَةٌ مِّنَ ٱلَّذِينَ مَعَكَ

(പ്രവാചകൻ ചിലപ്പോൾ രാവിന്റെ മൂന്നിൽ രണ്ടുഭാഗത്തോളവും ചിലപ്പോൾ പകുതിയും ചിലപ്പോൾ മൂന്നിലൊന്നും നിന്നു നമസ്കരിക്കുന്നത് നാം അറിയുന്നുണ്ട്. പ്രവാചകന്റെ കൂടെയുള്ളവരിൽ ഒരു സംഘവും അങ്ങനെ ചെയ്യുന്നുണ്ട്-73:20).

തഹജ്ജുദിന്റെ പര്യായമാണ് قيام الليل (രാത്രി നിൽക്കൽ). നിർബന്ധ നമസ്കാരം നിശ്ചയിക്കപ്പെടുന്നതിനു മുമ്പെന്നപോലെ ശേഷവും വിശ്വാസികൾക്ക് വളരെ ശ്രേഷ്ഠമായ ചര്യയാണ് ഖിയാമുല്ലൈൽ. റമദാൻ രാവുകളിൽ ഇതിന്റെ ശ്രേഷ്ഠതയും പുണ്യവും ഏറെ വർധിക്കുന്നു. "സത്യവിശ്വാസത്തോടെ പുണ്യമാഗ്രഹിച്ചുകൊണ്ട് റമദാനിൽ രാത്രി നമസ്കരിക്കുന്നവന്റെ മുന്നത്തെയും പിന്നത്തെയും പാപങ്ങൾ പൊറുക്കപ്പെടുമെന്ന്" പ്രബലമായ ഹദീസുണ്ട്.

പ്രവാചകൻ എന്ന നിലക്കും പ്രബോധകൻ എന്ന നിലക്കും വിശ്വാസികളുടെ നായകൻ എന്ന നിലക്കും ഏറെ പ്രധാനവും ഉന്നതവുമാണ് പ്രവാചകന്റെ സ്ഥാനം. അദ്ദേഹത്തിന് സ്വന്തം ദേഹേഛകളെ ജയിക്കുന്നതോടൊപ്പം ചുറ്റുപാടുനിന്നുള്ള പ്രലോഭനങ്ങളെയും പ്രകോപനങ്ങളെയും പീഡനങ്ങളെയും ക്ഷമയോടെ തരണം ചെയ്ത് വിശ്വാസികളെ നയിക്കേണ്ടതുമുണ്ട്. നല്ല മനോനിയന്ത്രണവും ആത്മവീര്യവും സ്ഥൈര്യവും സഹനവും ആവശ്യപ്പെടുന്നതാണദ്ദേഹത്തിന്റെ ദൗത്യം. ഈ ഗുണങ്ങൾ വേണ്ട അളവിൽ ആർജിക്കുന്നതിനുവേണ്ടിയാണ് അദ്ദേഹത്തിന് തഹജ്ജുദ് നിർബന്ധമാക്കിയത്. നിർബന്ധമല്ലെങ്കിലും എല്ലാ വിശ്വാസികളും, പ്രത്യേകിച്ച് ഇസ്‌ലാമിക പ്രബോധകരും ജിഹാദി പ്രവർത്തനങ്ങളിലേർപ്പെട്ടവരും പ്രതിസന്ധികളെ നേരിടുന്നവരും കഴിവിൻപടി തഹജ്ജുദ് നമസ്കരിക്കുന്നത് പരലോകത്ത് പ്രതിഫലാർഹമായ സൽകർമമാകുന്നതോടൊപ്പം അവരുടെ പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകുവാനുള്ള ഊർജം പ്രദാനം ചെയ്യുന്നതുമാകുന്നു. പ്രവാചക ശിഷ്യന്മാരുടെ പൊതുവായ ചര്യയായിരുന്നു നീണ്ട തഹജ്ജുദ് നമസ്കാരം. അതുകൊണ്ടാണവർ بالنهار فرسان وبالليل رهبان-പകൽ അശ്വഭടന്മാരും രാത്രി സന്യാസിമാരും എന്നു വിശേഷിപ്പിക്കപ്പെട്ടത്.

മുൻ സൂക്തങ്ങളിൽവന്ന كاد യുടെ അർഥം തന്നെയാണ് عسى ക്കും. മോശപ്പെട്ട കാര്യത്തിന്റെ പ്രതീക്ഷയെയാണ് كاد കൊണ്ട് സൂചിപ്പിക്കുക. നേരെമറിച്ചാണ് عسى. ഇത്തരം സന്ദർഭങ്ങളിൽ عسى الله എന്നതിന് لعلّ الله വിന്റെ അർഥമാണ്. അതായത്, "തഹജ്ജുദ് നമസ്കരിക്കുക, അല്ലാഹു നിന്നെ ഉന്നത സ്ഥാനത്തേക്കുയർത്താൻ." പ്രകൃത സന്ദർഭത്തിൽ ഉയർത്തിയേക്കാം, ഉയർത്തിയെങ്കിലോ എന്നും തർജമ ചെയ്യാം. അപ്പോൾ അതിലെ സന്ദേഹധ്വനി അല്ലാഹുവുമായല്ല, പ്രവാചകനുമായാണ് ബന്ധപ്പെടുന്നത്. അതായത് പ്രവാചകൻ ആ അവസ്ഥയിലെത്തിയിട്ടില്ല, അടുത്തു തന്നെ എത്തുമെന്ന് പ്രതീക്ഷിച്ചുകൊള്ളുക, അതിനുവേണ്ടി പ്രയത്നിച്ചുകൊള്ളുക എന്ന്.

അടുത്തുതന്നെ നടക്കാനിരിക്കുന്ന മദീന ഹിജ്റയെയും തുടർന്നുണ്ടാകുന്ന വിജയങ്ങളെയും സംബന്ധിച്ച സൂചനയുണ്ട് ഈ വാക്യത്തിലെന്ന് പശ്ചാത്തലത്തിൽനിന്ന് മനസിലാക്കാം. താൽപര്യമിതാണ്: ഇന്ന് ഇക്കൂട്ടർ എതിർക്കുകയും ആക്ഷേപിക്കുകയും നിന്നെ കേൾക്കാൻ കൂട്ടാക്കാതെ ബഹളം കൂട്ടുകയും ചെയ്യുന്നുണ്ടെങ്കിലും അതൊന്നും വകവെക്കാതെ സ്വന്തം ആദർശത്തിലും പ്രവർത്തനത്തിലും ഉറച്ചുനിൽക്കുക. മുറപ്രകാരമുള്ള നമസ്കാരം പതിവാക്കുക, വിശേഷിച്ചും തഹജ്ജുദ് നമസ്കാരം, താങ്കളുടെ സ്ഥാനത്തിന്റെയും ദൗത്യത്തിന്റെയും മഹത്വം പരിഗണിച്ച് താങ്കൾക്ക് അത് പ്രത്യേകം നിർബന്ധമാക്കിയിരിക്കുന്നു. അല്ലാഹു താങ്കളെ ഈ അവസ്ഥയിൽനിന്ന് ഉയർത്തുമെന്ന് ഉറച്ച പ്രതീക്ഷപുലർത്തുക. അല്ലാഹുവിങ്കലും വമ്പിച്ച ജനസമൂഹത്തിലും താങ്കൾ പ്രിയങ്കരനും ആദരണീയനും പ്രശംസനീയനുമായിത്തീരുന്ന ഒരു

നാൾ വരാനിരിക്കുന്നു.

**80.** മക്കയിലെ സാഹചര്യം പ്രവാചകൻ ആ നാട് വിട്ടുപോകേണ്ടത് അനിവാര്യമാംവണ്ണം വഷളായിക്കഴിഞ്ഞ ഘട്ടത്തിലാണീ സൂക്തങ്ങൾ അവതരിക്കുന്നത്. ഹിജ്റക്കുള്ള അല്ലാഹുവിന്റെ അനുമതി ലഭിക്കാത്തതുകൊണ്ട് തിരുമേനി അവിടെത്തന്നെ പിടിച്ചുനിൽക്കുകയായിരുന്നു. ഹിജ്റയുടെ സമയം അടുത്തു കഴിഞ്ഞിരിക്കുന്നുവെന്ന ആദ്യത്തെ അറിയിപ്പാണിത്. ഇതിൽ ഹിജ്റയെ തുടർന്നുണ്ടാകുന്ന നേട്ടങ്ങൾ സംബന്ധിച്ച ചില ശുഭസൂചനകളുമടങ്ങിയിട്ടുണ്ട്. തിരുമേനി മക്കയിൽ നിന്നു പുറപ്പെടുന്നതിനു മുമ്പ് തന്നെ അദ്ദേഹം എത്തിച്ചേരേണ്ട ഇടം നിർണയിക്കുകയും അവിടം അദ്ദേഹം അന്തസ്സോടെ സ്വാഗതം ചെയ്യപ്പെടാൻ സജ്ജമാവുകയും ചെയ്തിരുന്നു. മക്കയിൽ നിന്നുള്ള പുറപ്പാടും മദീനയിലേക്കുള്ള പ്രവേശനവും, ഗംഭീരവും സുരക്ഷിതവും മഹനീയവുമായിരിക്കും. صدق, മൗലികമായ അർഥത്തിൽ ശരിയും സത്യവും ന്യായവുമാണ്. സുരക്ഷ, മാന്യം, പ്രതാപം മുതലായ ആശയങ്ങളെയും അതുൾക്കൊള്ളുന്നു. *സൂറഃ ശുഅറാ* ഇൽ وَٱجۡعَل لِّي لِسَانَ صِدۡقٖ فِي ٱلۡأٓخِرِينَ (പിൻഗാമികളിൽ എനിക്ക് സൽകീർത്തിയരുളേണമേ-84) എന്ന് ഇബ്റാഹീം നബിയുടെ പ്രാർഥന ഉദ്ധരിക്കുന്നുണ്ട്. *സൂറഃ യൂനുസ്* രണ്ടാം സൂക്തത്തിൽ وَبَشِّرِ ٱلَّذِينَ ءَامَنُوٓاْ أَنَّ لَهُمۡ قَدَمَ صِدۡقٍ عِندَ رَبِّهِمۡۗ (സത്യവിശ്വാസികൾക്ക് വിധാതാവിങ്കൽ മാന്യമായ പദവിയുണ്ടെന്ന് സുവിശേഷം നൽകുക) എന്നു പ്രസ്താവിച്ചിരിക്കുന്നു. ഈ ആശയങ്ങളെ ആസ്പദമാക്കിയാണ് മാന്യമായി പ്രവേശിപ്പിക്കേണമേ എന്ന് തർജമ ചെയ്തത്. മൗലികമായ അർഥം, സത്യത്തിന്റെ പ്രവേശനം പ്രവേശിപ്പിക്കേണമേ എന്നാണ്. സത്യത്തോടെ/ന്യായത്തോടെ എന്നും തർജമ ചെയ്യാം. എന്റെ പുറപ്പാട് ഓടിപ്പോകുന്ന കുറ്റവാളികളുടേതുപോലെ അരക്ഷിതവും നിസ്സഹായവുമായിരിക്കരുത്, ഞാൻ പ്രവേശിക്കുന്നത് നിരാലംബനായ അഭയാർഥിയെപ്പോലെ നിന്ദിതനും അവഗണിക്കപ്പെട്ടവനുമായിട്ടാവരുത്, മറിച്ച് മാന്യമായ അംഗീകാരത്തോടെയും ആദരവോടെയും സുരക്ഷയോടെയുമായിരിക്കണം. അവിടെ എനിക്ക് തുണയായി നീ അരുളുന്ന സ്വാധീനശക്തിയുമുണ്ടായിരിക്കണം. ഇതൊക്കെ അല്ലാഹുവിനോട് ചോദിക്കണമെന്ന് കൽപിക്കുന്നതിനർഥം അല്ലാഹു അതൊക്കെ നൽകാൻ നിശ്ചയിച്ചിരിക്കുന്നുവെന്നാണ്. പിന്നീട് മദീനയിലേക്ക് പ്രവാചകൻ നടത്തിയ ഹിജ്റയുടെയും മദീനപ്രവേശനത്തിന്റെയും ചരിത്രം പരിശോധിച്ചാൽ ഈ സുവിശേഷം അക്ഷരംപ്രതി പുലർന്നത് തിരുമേനി സ്വന്തം കണ്ണുകളാൽ കണ്ടതായി മനസ്സിലാക്കാം.

**81.** ഇവിടെ സത്യം حق -എന്ന പദം കൊണ്ട് ഉദ്ദേശിക്കുന്നത് വിശുദ്ധ ഖുർആനും അതവതരിപ്പിക്കുന്ന സത്യദീനുമാകുന്നു. ഖുർആൻ തുടച്ചു നീക്കാനുദ്ദേശിച്ച അന്ധവിശ്വാസങ്ങളും അനാചാരങ്ങളുമാണ് മിഥ്യ-باطل. ഹിജ്റക്കുള്ള പ്രാർഥന പഠിപ്പിക്കുകയായിരുന്നു മുൻ സൂക്തം. തുടർന്ന് ഇപ്പോഴത്തെ ക്ലിഷ്ടമായ പരിതാവസ്ഥക്കു പിന്നിൽ വരാനിരിക്കുന്ന സത്യത്തിന്റെ വിജയവും മിഥ്യയുടെ പരാജയവും പ്രഖ്യാപിക്കാൻ കൽപിക്കുകയാണീ സൂക്തം. ഹിജ്റ യഥാർഥത്തിൽ ഇസ്‌ലാമിക വിജയത്തിന്റെ മുഖവുരയാണ്. അനന്തരം പ്രവാചക വൈരികളുടെ തിരോധാനം അനിവാര്യമാകുന്നു. പിന്നെ, സത്യദീനിന്റെ ശബ്ദം ഉച്ചത്തിൽ കേൾക്കപ്പെടുക തന്നെ ചെയ്യും. മിഥ്യക്ക് മനുഷ്യപ്രകൃതിയിൽ ഒട്ടും അടിവേരില്ലെന്ന യാഥാർഥ്യം ഉണർത്തുകയാണ് إِنَّ ٱلۡبَٰطِلَ كَانَ زَهُوقٗا എന്ന വാക്യം. കൃഷിയിറക്കാനാളില്ലാതെ കാടുപിടിച്ചുകിടക്കുന്ന വയൽ പോലെയാണത്. കർഷകനെത്തിയാൽ വെട്ടിത്തെളിച്ച് കൃഷിയോഗ്യമാക്കാൻ ഏറെ പണിപ്പെടേണ്ടിവരും. എങ്കിലും കർഷകന്റെ അധ്വാനം അവിടെ വസന്തം വിരിയിക്കുക തന്നെ ചെയ്യും. മർത്യപ്രകൃതിയും അതുപോലെയാണ്. ധർമപ്രബോധകർ വിതക്കുന്ന സത്യത്തിന്റെ വിത്ത് വളർന്നു വിളയാനാണ് സൃഷ്ടികർത്താവ് അതു സൃഷ്ടിച്ചിരിക്കുന്നത്. അവിടെ വിഷവൃക്ഷങ്ങളും മുൾച്ചെടികളും വളരുന്നുവെങ്കിൽ അതിനു കാരണം സത്യം വിതക്കുന്ന കർഷകന്റെ അഭാവമോ അശ്രദ്ധയോ ആണ്.

ഈ പ്രവചനത്തിന്റെ സാക്ഷാത്കാരമായിരുന്നു മക്കാവിമോചനം. ഈ സൂക്തങ്ങൾ പാരായണം ചെയ്തുകൊണ്ടാണ് നബി(സ) കഅ്ബയിലെ വിഗ്രഹങ്ങളുടച്ചത്.

**82.** نزّل യുടെ ഉത്തമപുരുഷ വർത്തമാന രൂപമാണ് نُنَزِّلُ. പലപ്പോഴായി, ഖണ്ഡശ്ശയായി ഇറക്കി എന്നാണ് تنزّل യുടെ അർഥം. مِنَ ٱلۡقُرۡءَانِ യിലെ من ഭാഗികതയുടേതായും (تبعيض) വിശദീകരണത്തിന്റേതായും (بيانى) മനസിലാക്കപ്പെട്ടിട്ടുണ്ട്. ഭാഗികതയുടേതായി കരുതുമ്പോൾ ഈ ഖുർആനിൽപെട്ട ചിലത് ആണ് مِنَ الْقُرْآنِ مَاهُوَ. വിവരണത്തിന്റേതാകുമ്പോൾ ആശയം ഖുർആൻ/ഖുർആൻ ആയി എന്നും. കൂടുതൽ ഉചിതമായ അർഥകൽപന ഇതാണ്. ഖുർആൻ മുഴുവൻ സത്യവിശ്വാസികൾക്ക് ആശ്വാസവും അനുഗ്രഹവും പ്രദാനം ചെയ്യുന്നതാണ്. മാനസികവും ശാരീരികവുമായ രോഗങ്ങളിൽനിന്നും ക്ലേശങ്ങളിൽനിന്നുമുള്ള മോചനമാണ് شفاء. ഖുർആൻ شفاء ആകുന്നത് അജ്ഞത, സംത്രാസം, ഉത്കണ്ഠ, മനഃസംഘർഷം, കാപട്യം, സത്യനിഷേധം തുടങ്ങിയ മനോദുഷ്ടുകളിൽ നിന്നാണ്. മനുഷ്യ മനസ്സ് അസ്വസ്ഥമാകുമ്പോൾ അല്ലാഹുവുമായി സംവദിച്ച് ആശ്വാസം നേടാനുള്ള ഉപാധിയുമാണ് ഖുർആൻ പാരായണവും ശ്രവണവും. നബി(സ) പറയുകയുണ്ടായി: من لم يستشف بالقرآن فلا شفاه الله (ഖുർആൻ കൊണ്ട് ആശ്വാസം നേടാത്തവന് അല്ലാഹു ആശ്വാസമരുളുന്നില്ല).

ദൈവകാരുണ്യവും സൗഭാഗ്യവുമാണ് رحمة. ഖുർആൻ നൽകുന്ന ജ്ഞാനപ്രകാശവും ധാർമിക സദാചാര-നൈതിക ചര്യകളും അതുവഴി ഭൗതിക ജീവിതത്തിലുണ്ടാകുന്ന സൗഭാഗ്യവും പാരത്രിക ലോകത്ത് ലഭിക്കുന്ന ശാശ്വത വിജയവുമാണ് ഖുർആൻ മൂലമുണ്ടാകുന്ന رحمة. ഖുർആനിൽ ദൃഢമായി വിശ്വസിക്കുകയും അതിന്റെ ശാസനകൾ ആത്മാർഥമായി പിന്തുടരുകയും ചെയ്യുന്നവർക്കു മാത്രമേ ഈ ആശ്വാസവും അനുഗ്രഹവും അനുഭവിക്കാനാകൂ. ഖുർആനിനെ അവിശ്വസിക്കുകയും അതിന്റെ കൽപനകൾ ലംഘിക്കുകയും ചെയ്യുന്ന ധർമധിക്കാരികൾക്ക് അത് കേൾക്കുന്നത് അരോചകമായിരിക്കും. അതിലെ ഉപദേശങ്ങളും ഉദ്ബോധനങ്ങളും അവരെ പൂർവോപരി ധിക്കാരികളാക്കുകയും അങ്ങനെ അവരുടെ നഷ്ടം വളർന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു.

നബി(സ) പറഞ്ഞു: القرآن حجة لك وعليك (ഖുർആൻ നിനക്ക് അനുകൂലമായോ എതിരായോ ഉള്ള തെളിവാകുന്നു). വിശ്വാസികൾക്ക് സത്യവും ധർമവും ആചരിക്കുന്നതിനുള്ള ന്യായമാണത്. അവിശ്വാസികൾ അസത്യവും അധർമവുമാചരിക്കു

ന്നതിനെതിരായിട്ടുള്ള ന്യായമാണ് ഖുർആനിന്റെ സാന്നിധ്യം. 9:124-125 ൽ ഈ ആശയം അവതരിപ്പിക്കുന്നതിങ്ങനെയാണ്:

فَأَمَّا ٱلَّذِينَ ءَامَنُوا۟ فَزَادَتْهُمْ إِيمَـٰنًا وَهُمْ يَسْتَبْشِرُونَ ﴿١٢٤﴾
وَأَمَّا ٱلَّذِينَ فِى قُلُوبِهِم مَّرَضٌ فَزَادَتْهُمْ رِجْسًا إِلَىٰ رِجْسِهِمْ وَمَاتُوا۟
وَهُمْ كَـٰفِرُونَ ﴿١٢٥﴾

(സത്യവിശ്വാസികളുടെ വിശ്വാസത്തെ അത് (ഖുർആൻ) വർധിപ്പിക്കുന്നു. അവരതിൽ സന്തുഷ്ടരുമാകുന്നു. എന്നാൽ മനസ്സിൽ രോഗമുള്ളവരോ, ഖുർആൻ അവരുടെ മാലിന്യത്തെ മാലിന്യത്താൽ പോഷിപ്പിക്കുകയും അങ്ങനെ അവർ സത്യനിഷേധികളായിത്തന്നെ മരിച്ചുപോവുകയും ചെയ്യുന്നു).

مِنَ ٱلْقُرْءَانِ യിലെ من നെ ഭാഗികതയുടേതായി കണക്കാക്കുന്നവരുടെ വീക്ഷണത്തിൽ ഖുർആനിലെ ചില സൂറകളും സൂക്തങ്ങളും മന്ത്രങ്ങളായി പാരായണം ചെയ്യുന്നതുവഴി രോഗശാന്തി ലഭിക്കും. ചിലതിലൂടെ നേട്ടങ്ങളുണ്ടാവുകയും ചെയ്യും. ഉദാഹരണമായി, സൂറത്തുൽ ഫാതിഹ വിഷഹരണത്തിനു മന്ത്രിക്കാം. രോഗശാന്തിയും ദൈവാനുഗ്രഹവും കാംക്ഷിച്ചുകൊണ്ട് ഖുർആൻ സൂക്തങ്ങൾ മന്ത്രിക്കുന്നതും തകിടിലും കടലാസിലും എഴുതി ഏലസ്സാക്കി ദേഹത്തിലണിയുന്നതും പിഞ്ഞാണത്തിലെഴുതി കഴുകി കുടിക്കുന്നതുമെല്ലാം അനുവദനീയമാണെന്ന് പൂർവിക പണ്ഡിതന്മാരിൽ പലരും അഭിപ്രായപ്പെട്ടിട്ടുണ്ട്. എന്നാൽ, പ്രവാചകൻ അതൊന്നും ഉപദേശിച്ചിട്ടില്ല. രോഗികളെ സന്ദർശിക്കുമ്പോൾ അവരുടെ രോഗശാന്തിക്കുവേണ്ടി തിരുമേനി പ്രാർഥിക്കാറുണ്ടായിരുന്നു. ഈ പ്രാർഥനകളെ ചിലർ മന്ത്രങ്ങളായി വ്യാഖ്യാനിച്ചിട്ടുണ്ട്. മന്ത്രവും പിഞ്ഞാണമെഴുത്തും ഉറുക്കുമെല്ലാം അനുവദിച്ച പണ്ഡിതന്മാർ തന്നെ രണ്ടു കാര്യങ്ങൾ ഓർമിപ്പിച്ചിട്ടുണ്ട്. അവയിൽ ഉപയോഗിക്കപ്പെടുന്നത് ഖുർആൻ സൂക്തങ്ങളും ദൈവനാമങ്ങളും മാത്രമായിരിക്കണം എന്നതാണ് ഒന്ന്. രണ്ട് അവ ഔഷധത്തിന് പകരമാകുന്നില്ല. ഔഷധം ഫലപ്രദമാകാനും രോഗശമനം ത്വരിതപ്പെടാനുമുള്ള പ്രാർഥനയുടെ സ്ഥാനമാണതിനുള്ളത്. ഇമാം മാലിക് ഉൾപ്പെടെയുള്ള ഒരുവിഭാഗം പണ്ഡിതന്മാരുടെ വീക്ഷണത്തിൽ ദൈവനാമങ്ങൾ ഉറുക്കായി എഴുതി ശരീരത്തിൽ ധരിക്കുന്നത് ബർക്കത്തിനു വേണ്ടിയാണെങ്കിൽ തെറ്റില്ല, കണ്ണേറു പോലുള്ള ഉപദ്രവങ്ങളകറ്റാനുദ്ദേശിച്ചാണെങ്കിൽ പാടില്ല. ഉറുക്ക് കെട്ടുന്നത് പൊതുവിൽ കറാഹത്ത്-അനഭിമതമാണെന്നാണ് ചില പണ്ഡിതന്മാരുടെ നിലപാട്. ഇബ്നുമസ്ഊദ്(റ)യിൽ നിന്ന് ഇപ്രകാരം ഉദ്ധരിക്കപ്പെട്ടിരിക്കുന്നു. انّ العماء والرّقي والتولة من الشرك ഏലസ്സും മന്ത്രവും തൗലതും ബഹുദൈവ വിശ്വാസത്തിൽപെട്ടതാകുന്നു. ഭർത്താവിന്റെ സ്നേഹം നേടാൻ സ്ത്രീകൾ നടത്തുന്ന മന്ത്രവാദച്ചടങ്ങാണ് തൗലത്. ഇബ്നുമസ്ഊദ് ഉദ്ദേശിച്ചിട്ടുള്ളത് ഖുർആൻ അല്ലാത്ത മന്ത്രങ്ങളും ഏലസ്സുകളും മറ്റുമാണെന്നാണ് മന്ത്ര'വാദികൾ' ഇതിനു നൽകുന്ന വ്യാഖ്യാനം.

ഖുർആൻ സൂക്തങ്ങൾക്ക് മന്ത്രശക്തിയുണ്ടോ എന്നത് മറ്റൊരു വിഷയമാണ്. നാം ചർച്ച ചെയ്യുന്ന സൂക്തം സംസാരിക്കുന്നത് ഖുർആനിന്റെ ഔഷധവീര്യത്തെക്കുറിച്ചല്ല; സന്മാർഗദർശന വീര്യത്തെക്കുറിച്ചാണ്. ■